# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2708 12.03.2018 -ലെ മറുപടിയ്ക്ക്

## റൂസ പദ്ധതി പ്രകാരമുള്ള ഫണ്ടിന്റെ വിനിയോഗം

*ചോദ്യം*
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം മുഖേന ഉന്നതവിദ്യാഭ്യാസത്തെ അടിസ്ഥാന വികസനം ലക്ഷ്യമിട്ട് റൂസ പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ അനുവദിച്ച ഫണ്ടിന്റെ വിനിയോഗം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഒന്നാം ഘട്ടം അനുവദിച്ച തുക യൂണിവേഴ്സിറ്റികൾ 86 ശതമാനവും കോളേജുകൾ 88.85 ശതമാനവും UGC HRDC 100 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | സംസ്കൃത സർവ്വകലാശാല പ്രസ്തുത ഫണ്ടിന്റെ 50 ശതമാനം മാത്രമെ വിനിയോഗിച്ചുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | സംസ്കൃത സർവ്വകലാശാല ഒന്നാം ഘട്ടം അനുവദിച്ച തുകയുടെ 80.11 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | റൂസ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ സർവ്വകലാശാലകൾ ഇതിന്റെ രണ്ടാം ഘട്ടത്തിലൂടെ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (സി) | ആരംഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ ഇതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. |
| (ഡി) | റൂസ മുഖേന ലഭിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചില്ലെങ്കിൽ അടുത്ത ഘട്ടത്തിൽ ഫണ്ട് ലഭിക്കില്ലായെന്നതിനാൽ സർവ്വകലാശാലകൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കുവാൻ നടപടി | (ഡി) | കേരള സർവ്വകലാശാല ഇതുവരെ അനുവദിച്ച റൂസ ഗ്രാന്റ് 100% വിനിയോഗിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലകൾ ശരാശരി 82% ഗ്രാന്റും വിനിയോഗിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലും റൂസ സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | പ്രോജക്ട് ഡയറക്ടറേറ്റ് നേരിട്ട് പരിശോധന നടത്തി, കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ലഭിച്ച ഗ്രാന്റ് പൂർണ്ണമായി വിനിയോഗിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ തന്നെ കേന്ദ്ര സർക്കാരിന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ